LIBRARY ARCHIVES Kerala Legislative Assembly

ഐനസ് ആന്റണിയുടെ കൊലപാതകം

19 [1534] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിലെ കല്ലൂർ പാലക്കപ്പറമ്പിൽ 29-1-2003-ൽ കൊല ചെയ്യപ്പെട്ട ഐനസ് ആന്റണിയുടെ ഘാതകരിൽ എത്രപേരെ അറസ്റ്റ് ചെയ്ത് കോടതിൽ ഹാജരാക്കിയിട്ടുണ്ടെന്ന് പറയാമോ;

(ബി) ഈ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ആരാണ്;

(സി) ഇനിയും പ്രതികളിലാരെയെങ്കിലും പിടികൂടാനുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(ഡി) പ്രതികൾക്കെതിരായി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാലവിളംബത്തിനുള്ള കാരണം പറയാമോ;

(എഫ്) ഈ കേസിന്റെ നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 13 പ്രതികളെ

(ബി) പോലീസ് സർക്കിൾ ഇൻസ്പെക്ടർ, പുതുക്കാട്.

(സി) എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) & (എഫ്) രാസപരിശോധനാ റിപ്പോർട്ട് ലഭിക്കുവാനുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

നിയാസിന്റെ ദുരൂഹ മരണം

20 [1535] ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 നവംബർ 7-ാം തീയതി കല്ലാറിൽ മരണപ്പെട്ട എസ്.സി.ഇ.ആർ.ടി. ഉദ്യോഗസ്ഥനായിരുന്ന നിയാസ് എന്ന യുവാവിന്റെ മരണത്തിൽ ദുരൂഹതയുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ തിരുവനന്തപുരം ഡി.ഐ.ജി. (റേഞ്ച്) നേരിൽ അന്വേഷണം നടത്താൻ ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) ഇപ്പോൾ അന്വേഷണം എവിടെവരെയായി എന്നു വ്യക്തമാക്കുമോ;

(ഡി) മരണസമയത്ത് കൂടെയുണ്ടായിരുന്ന അപരിചിതർ ഇപ്പോൾ കസ്റ്റഡിയിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇവരെ അടിയന്തിരമായി ചോദ്യം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(എഫ്) മരണമടഞ്ഞയാളുടെ പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെയും ഫോറൻസിക് റിപ്പോർട്ടിന്റെയും കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉണ്ട്.

(സി) ഈ സംഭവത്തോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത വിതുര പോലീസ് സ്റ്റേഷൻ ക്രൈം 241/04-ാം നമ്പർ കേസിൽ ഇപ്പോൾ അന്വേഷണം തുടർന്നു വരികയാണ്.

(ഡി) ഇല്ല.

(ഇ) ഈ കേസിന്റെ അന്വേഷണത്തോടനുബന്ധിച്ച് മരണപ്പെട്ട നിയാസിന്റെ കൂടെ സംഭവ സമയം ഉണ്ടായിരുന്ന ജെറിൻ ജെയിംസ്, രാജേഷ്, അരുൺകുമാർ, സുവർണ്ണരാജ് എന്നിവരെ വിതുര പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ കണ്ട് ചോദിച്ചിട്ടുണ്ട്.

(എഫ്) പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റിന്റെ കോപ്പി അനുബന്ധമായി വച്ചിട്ടുണ്ട്. † ഫോറൻസിക് റിപ്പോർട്ട് ലഭിച്ചിട്ടില്ല.

പുനലൂർ സ്വർണ്ണവ്യാപാരിയുടെ കൊലപാതകം

21 [1536] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂരിൽ സ്വർണ്ണവ്യാപാരി ഹംസക്കുട്ടിയെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് പുനലൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഈ കേസിന്റെ അന്വേഷണം ആരാണ് നടത്തുന്നത്; പ്രതിയെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഈ കേസിന്റെ അന്വേഷണം ഊർജിതമായി നടത്തണമെന്ന നിവേദനം മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രതിയെ കസ്റ്റഡിയിലെടുക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ പുറത്തേയ്ക്ക് അന്വേഷണം നടത്തിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly